**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.T1361 06.02.2020 ൽ മറുപടിയ്ക്ക്

വേനൽക്കാല വരൾച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉണ്ണി | | ഇ. ചന്ദ്രശേഖരൻ<br>ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ വരുന്ന വേനൽക്കാലത്തെ വരൾച്ച അതിജീവിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വേനൽക്കാലത്തെ അതിജീവിക്കുന്നതിനായി സ്വീകരിക്കേണ്ട പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് 03.09.2019 തീയതിയിലെ സ.ഉ (കൈ) 09/2019/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരവും, 28.03.2019 തീയതിയിലെ ഡി.എം.ബി.2/32/2019-ഡി.എം.ഡി നമ്പർ പരിപത്രം പ്രകാരവും, 11.04.2019 തീയതിയിലെ സ.ഉ(കൈ) 13/2019/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരവും, 28.03.2019 തീയതിയിലെ സ.ഉ (കൈ) നം.11/2019/ഡി.എം.ഡി ഉത്തരവ് പ്രകാരവും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിലും വരുന്ന വേനൽക്കാലത്തെ വരൾച്ച അതിജീവിക്കുന്നതിനായി സ്വീകരിക്കാവുന്നതാണ് (ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുഭവപ്പെടാൻ പോകുന്ന അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുവാൻ എന്തെല്ലാം നടപടിയെടുക്കും എന്ന് വ്യക്തമാക്കാമോ? | (ബി) | വേനൽക്കാല പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മണ്ഡലം തിരിച്ച് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Disaster Management Department-State Disaster Response Fund Norms -State Specific Disasters-Heat wave, Sun stroke, Sun burn-Notified- Orders issued

DISASTER MANAGEMENT(B) DEPARTMENT

G.O.(Ms)No.9/2019/DMD Dated,Thiruvananthapuram, 09/03/2019

Read 1 Letter No. 32-7/2014-NIDM-I dated 8-4-2015 from the Disaster Management Division, Ministry of Home Affairs, Government of India

2 GO (Ms) No. 194/2015/DMD dated 20-05-2015

3 Minutes of the State Executive Committee meeting held on 06-03-2019

**ORDER**

Government of Kerala had revised the norms of relief assistance from State Disaster Response Fund (SDRF) to the victims of natural calamities for 2015-20 in accordance with the recommendations of 14th Finance Commission (FFC) approved by Government of India, Ministry of Home Affairs as per Government Order read as 2nd paper above. As per the revised norms issued by Government of India vide letter read as 1st paper above, it has been permitted to use 10% of the annual SDRF/NDRF allocation for relief assistance to 'State Specific Disasters' within the local context of the State and instructed that such local disasters and the relief assistance norms have to be declared and approved by the State Executive Committee (SEC) of State Disaster Management Authority (SDMA).

2. Accordingly the SEC has declared the following items as State Specific Disaster and approved the norms for relief assistance as given as Annexure to this order.

a) Heat Wave
b) Sun Stroke
c) Sun Burn

3. Government have examined the matter and are pleased to order that the norms and scale of assistance declared and approved by the SEC of KSDMA and given as annexure to this order will be followed for providing relief assistance to victims of State Specific Disasters in the State.

(By order of the Governor)
**REMESAN.M.K**
**ADDITIONAL SECRETARY**

To:

The Secretary to Government of India, Ministry of Home Affairs (DM Division), 'C' Wing, III Floor, NDCC-II, Jai Singh Road, New Delhi-110 001 (with Covering Letter)
The Secretary Kerala State Disaster Management Authority, Thiruvananthapuram
All Secretaries of the Secretariat including Finance
All Members of the State Disaster Management Authority
The Land Revenue Commissioner, Thiruvananthapuram
The Resident Commissioner, 3, Jantar Mantar Road, Kerala House,New Delhi-100 001
All District Collectors
The Director, Institute of Land and Disaster Management, PTP Nagar, Thiruvananthapuram
The Principal Accountant General(Audit), Kerala, Thiruvananthapuram
The Accountant General(A&E), Kerala, Thiruvananthapuram
All District Treasury Officers
The Accountant General branch office,Kottayam/Ernakulam/Thrissur/Kozhikode
The Finance(BW) Department
The Information officer, Web& New Media
Stock File/Office Copy

Copy to:

All Departments of the Secretariat including Finance
Director of Agriculture
Director of Animal Husbandry
Director of Health Services
PS to all Ministers
PS to Principal Secretary(Revenue and DM)
Disaster Management A Department

Forwarded /By order

Section Officer

## ANNEXURE

**List of items and norms of assistance from State Disaster Response Fund (SDRF) for Heat Wave, Sun Stroke, Sun Burn**

| Item | Revised for 2015-2020 |
|---|---|
| 1 a) Ex-gratia payment to families of deceased persons | 4,00,000/- |
| 1 b) Ex-gratia for loss of eye(s) | 40% to 60% loss – 59,100/-<br>>60% - 2,00,000/- |
| 1 c) Grievous injury requiring hospitalization | More than a week - 12,700/<br>Less than a week - 4,300/- |
| 2 a) Coast of evacuation of people affected/likely to be affected | As per actual cost based on assessment of need by DDMA up to 60 days limited to the funds specifically provided for this state specific disasters, and may be extended upto 90 days with the approval of Government. |
| 2 b) Hiring of boats for carrying out immediate relief and saving lives | As per actual cost based on assessment of need by DDMA up to 60 days limited to the funds specifically provided for this state specific disasters, and may be extended upto 90 days with the approval of Government. |
| 3 a) Provision for temporary accommodation, food, clothing, medical care, etc. for people affected/evacuated and sheltered in relief camps. | As per actual cost based on assessment of need by DDMA up to 60 days limited to the funds specifically provided for this state specific disasters, and may be extended upto 90 days with the approval of Government. |
| 3 b) Provision of emergency supply of drinking water in rural areas and urban areas | As per actual cost based on assessment of need by DDMA up to 60 days limited to the funds specifically provided for this state specific disasters, and may be extended upto 90 days with the approval of Government. |
| 4 Disposal of dead bodies/carcases | As per actual cost based on assessment of need by DDMA limited to the funds specifically provided for this state specific disasters. |

| | |
|---|---|
| 6 Replacement of milch animals, draught animals used for haulage | Milch animals - 30,000/- (Buffalo/cow/camel/yak/mithun)<br><br>Sheep/goat/pig – 3000/-<br><br>Draught animals - 25000/-camel/horse/bullock, etc.<br><br>Poultry-50/-per bird<br><br>16,000/calf/donkey, pony, mule |
| Repair restoration (of immediate nature) of damaged infrastructure.<br><br>1) Drinking Water Supply | As approved by the DDMA, upto Rs. 25,000/damaged structure which is exclusively used for drinking water supply |

- Expenses for responding to Heat Wave, Sun Burn and Sun Stroke shall be limited to the amount allotted exclusively for the purpose from the Government from time to time. No additional burden shall be taken-up without the prior approval of the Government
- Detailed Circular will be issued by the Government for utilization of funds provided to respond to Heat Wave, Sun Burn and Sun Stroke, from time to time.

കേരള സർക്കാർ

**<u>ദുരന്തനിവാരണ (ബി) വകുപ്പ്</u>**

## <u>പരിപത്രം</u>

നം. ഡി.എം.ബി 2/32/2019-ഡി.എം.ഡി തീയതി, തിരുവനന്തപുരം, 20.03.2019

വിഷയം : ദുരന്തനിവാരണ വകുപ്പ് - ഉഷ്ണതരംഗം, സൂര്യാഘാതം,, സൂര്യതാപം - പ്രതികരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന : 1. 06.03.2019 തീയതിയിൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്
2. 09.03.2019 തീയതിയിലെ സ.ഉ.(കൈ)നം. 9/2019-ഡി.എം.ഡി ഉത്തരവ്

സംസ്ഥാനത്ത് ഉഷ്ണതരംഗം, സൂര്യാഘാതം,, സൂര്യതാപം എന്നിവ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജില്ലാകളക്ടർമാർ അടിയന്തിരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം വിളിക്കേണ്ടതും, 02.03.2019 ലെ സ.ഉ.(സാധാ)നം. 500/2019/തസ്വഭവ. പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദേശം നൽകേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഡെപ്യൂട്ടി കളക്ടർമാർക്ക് ഓരോ താലൂക്കുകളുടെയും ചുമതല നൽകേണ്ടതാണ്.

2) തദ്ദേശ സ്വയംഭരണ വകുപ്പ് 02.03.2019 ലെ സ.ഉ.(സാധാ)നം. 500/2019/തസ്വഭവ. പ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുദ്ധജല വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പ് അനുവദിച്ച തുക അതാത് തദ്ദേശ സ്ഥാപനങ്ങളിൽ മതിയാകാതെ വരുകയും ചെയ്യുന്ന അവസരത്തിൽ മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിക്കുവാൻ പാടുള്ളൂ.

3) ദിനം പ്രതിയുള്ള മഴയുടെ അളവ്, പുഴകളിലെയും, അണക്കെട്ടുകളിലെയും ജല ലഭ്യത, അന്തരീക്ഷ താപനില എന്നിവ ജില്ലാകളക്ടർമാർ നിരീക്ഷിക്കേണ്ടതും ഇതിനായി ജില്ലയിലെ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

4) എസ്.ഡി.ആർ.എഫ് (സംസ്ഥാന ദുരന്ത പ്രതികരണ നിധി) ഉപയോഗിച്ച് ഉഷ്ണതരംഗ, സൂര്യാഘാത, സൂര്യതാപ പ്രതികരണ പ്രവർത്തനങ്ങൾ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നടപ്പാക്കണം എന്ന് അതാത് പ്രദേശത്തെ മഴയുടെ അളവ്, പുഴകളിലെയും, അണക്കെട്ടുകളിലെയും, ഭൂഗർഭ സ്രോതസ്സുകളിലെയും ജല ലഭ്യത, അന്തരീക്ഷ താപനില എന്നിവ പരിഗണിച്ച്, തീവ്രത കാണുന്നെങ്കിൽ ജില്ലാ ദുരന്ത

നിവാരണ അതോറിറ്റി യോഗം ചേർന്ന് തീരുമാനിക്കേണ്ടതാണ്.

5) ആവശ്യമാണെങ്കിൽ മാത്രം, ടാങ്കർ ലോറിയിലൂടെയുള്ള ശുദ്ധജല വിതരണം നടത്തുക. ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകളിൽ (Water Kiosk) ജല അതോറിറ്റിയുടെ അംഗീകൃത സ്രോതസുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ മാത്രം ശുദ്ധജലം ആവശ്യമനുസരിച്ച് എത്തിക്കേണ്ടതാണ്.

6) ജല വിതരണത്തിനായി ഉപയോഗിക്കുന്ന ജല സ്രോതസുകളിൽ ജല മലിനീകരണം ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗയോഗ്യമാണെന്നു കേരള ജല അതോറിറ്റിയോ ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7) ടാങ്കർ ലോറിയിലൂടെയുള്ള ശുദ്ധജല വിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തേണ്ടതാണ്.

8) ഒരു പ്രദേശത്തു ശുദ്ധജല ലഭ്യത ഇല്ലാതാകുകയും, അത്തരം പ്രദേശത്ത് ശുദ്ധജല കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യമെങ്കിൽ മാത്രമേ ടാങ്കർ മുഖാന്തിരം ജല വിതരണം നടത്താൻ പാടുള്ളൂ. എസ്.ഡി.ആർ.എഫ് (സംസ്ഥാന ദുരന്ത പ്രതികരണ നിധി) ഉപയോഗിച്ച് ടാങ്കർ ലോറിയിലൂടെ ഉള്ള ജല വിതരണം ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ നടത്താവൂ.

9) ഓരോ വാഹനത്തിനും ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്. ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കറുകളിൽ ജി.പി.എസ്(GPS) ഘടിപ്പിച്ച് ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം നിരീക്ഷിക്കുകയും, ജി.പി.എസിൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം യാത്രയ്ക്കുള്ള പണം നൽകേണ്ടതുമാണ്. ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ശുദ്ധജല വിതരണ ബില്ലുകൾ അനുവദിച്ച് നൽകുവാൻ പാടുള്ളതല്ല.

10) ജില്ലയ്ക്ക് ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയുടെ പ്രതികരണത്തിനായി അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്. കൂടുതൽ പണം ആവശ്യമാണെങ്കിൽ സർക്കാരിൽ അനുമതി തേടുകയും, അനുമതി ലഭിച്ചാൽ മാത്രം പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുക.

11) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമ്മാണ/മരാമത്തു പണികൾ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുടിവെള്ളം ഉറപ്പുവരുത്തുവാൻ മാത്രം നടത്താവുന്നതാണ്. ഒരു പ്രവൃത്തിക്ക് 25,000/- (ഇരുപത്തി അയ്യായിരം രൂപ) രൂപയിൽ അധികരിക്കരുത്. നിർമ്മാണ/മരാമത്തു പണികൾക്ക് ജില്ലക്ക് ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയുടെ പ്രതികരണത്തിനായി പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന തുകയുടെ 10%ൽ കൂടുതൽ ചെലവാക്കരുത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ 30-04-2019 ന് മുൻപ് കർശനമായും തീർക്കേണ്ടതും ഈ വേനലിൽ തന്നെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതുമാണ്.

12) സ്ഥിര ജലസ്രോതസുകൾ മലിനമാകുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

13) ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം ഉഷ്ണതരംഗ, സൂര്യാഘാത, സൂര്യതാപ പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും **seoc.gok@gmail.com** ലേക്ക് അയക്കേണ്ടതുമാണ്.

14) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് ഉപരിയായ പദ്ധതികൾ അതാതു വകുപ്പുകൾ വഴി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. **ഇത് ദുരന്തനിവാരണ**

**വകുപ്പിന് സമർപ്പിക്കേണ്ടതല്ല. ഇത്തരത്തിൽ സമർപ്പിക്കുന്ന പദ്ധതികളിൽ ദുരന്ത നിവാരണ വകുപ്പ് നടപടി സ്വീകരിക്കുന്നതല്ല.**

15) സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തരമായി ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ തന്നെ പണം ചെലവഴിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാത് വകുപ്പുകൾ കണ്ടെത്തേണ്ടതാണ്.

16) ഭൂജല വകുപ്പ് നിർദേശിക്കുന്ന ആവശ്യമായ സ്ഥലങ്ങളിൽ, ഭൂഗർഭ ജലവിനിയോഗം കുറയ്ക്കുവാൻ ദുരന്ത നിവാരണ നിയമം (2005), സെക്ഷൻ 34 (ജെ) പ്രകാരം എല്ലാ ഭൂഗർഭ ജല വിനിയോഗ വ്യവസായങ്ങൾക്കും നിർദ്ദേശം നല്കേണ്ടുന്നതും, **ഇത് നടപ്പിൽ വരുത്തുന്നുണ്ട് എന്ന് ഭൂജല വകുപ്പ് ഉറപ്പുവരുത്തേണ്ടുന്നതുമാണ്.**

17) ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷി വകുപ്പ് കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജലസേചനത്തെക്കാൾ മുൻഗണന നൽകേണ്ടതാണ്.

18) ജലസേചന വകുപ്പ്, ഭൂഗർഭ ജല വകുപ്പും, കേരള ജല അതോറിറ്റിയുമായി കൂടി ആലോചിച്ച് മെയ് മാസം വരെ ആവശ്യമായ ജലം അണക്കെട്ടിൽ ഉണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം കനാൽ മാർഗമുള്ള ജലസേചനം നടത്തേണ്ടതാണ്.

19) ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ച് കൂട്ടേണ്ടതും കുട്ടികളെ ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയെക്കുറിച്ചും ബോധവൽക്കരിക്കേണ്ടതും ഇതിനായി ഭൂമി ശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകനെയോ/ അധ്യാപികയെയോ ചുമതലപ്പെടുത്താവുന്നതുമാണ്.

20) മൃഗ സംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും കുടിവെള്ള ലഭ്യത കുറവുള്ള പ്രദേശങ്ങളെ മനസ്സിലാക്കുകയും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജല വിതരണത്തിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

21) വനം-വന്യജീവി വകുപ്പ്, വന്യ ജീവികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടെന്നു ഉറപ്പാക്കേണ്ടതും മനുഷ്യ-മൃഗ സംഘർഷങ്ങൾ (man-animal conflict) ഒഴിവാക്കേണ്ടതുമാണ്.

22) എല്ലാ ജില്ലയിലും ജില്ലാകളക്ടർമാർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സ്ഥിതി പരിഗണിച്ച് കൊണ്ടും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലക്ക് ഉഷ്ണതരംഗ, സൂര്യാഘാത, സൂര്യതാപ പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ അളവിനുള്ളിൽ നിന്നുകൊണ്ട്, മേൽ നിർദേശങ്ങൾക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സമ്പൂർണ്ണ യോഗത്തിന്റെ തീരുമാനത്തിന് വിധേയമായി അനിവാര്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.

**ഡോ. വി. വേണു**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം
ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
ജലവിഭവ വകുപ്പ്/കൃഷി വകുപ്പ്/മൃഗസംരക്ഷണ വകുപ്പ്/ വനം-വന്യജീവി വകുപ്പ്/
ആരോഗ്യ വകുപ്പ് / തദ്ദേശസ്വയം ഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ഗവ. സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി) വകുപ്പ്
ദുരന്തനിവാരണ (എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.DMB2/60/2019-DMD

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്തനിവാരണ വകുപ്പ് - സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കുടിവെള്ളം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

ദുരന്ത നിവാരണ (ബി) വകുപ്പ്

സ.ഉ(കൈ) നം.13/2019/ഡിഎംഡി തിരുവനന്തപുരം, തീയതി: 11.04.2019.

പരാമർശം:- 1 09.03.2019ലെ സ.ഉ.(കൈ )നം.9/2019/DMDനമ്പർ സർക്കാർ ഉത്തരവ്.

2 20.03.2019ലെ DMB2/32/2019-DMDനമ്പർ പരിപത്രം

3 21..03.2019 ലെ സ.ഉ.(സാധാ)നം.225/19/DMDനമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് കുടിവെള്ള വിതരണത്തിന് അനുവദിച്ച തുക അതാത് തദ്ദേശസ്ഥാപനങ്ങളിൽ മതിയാകാതെ വരുന്ന അവസരങ്ങളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വിനിയോഗിക്കുവാൻ പരമാവധി 50 ലക്ഷം രൂപ ഓരോ ജില്ലാ കളക്ടർക്കും അനുവദിച്ച് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷയും ആവശ്യകതയും പരിഗണിച്ച് അടിയന്തര ഘട്ടങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളിലെ അധികൃതരുമായി കൂടിയാലോചിച്ച് വേണ്ട സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയും ഇതിനു വേണ്ടിവരുന്ന തുക സംസ്ഥാന ദുരന്തനിവാരണ പ്രതികരണ നിധിയിൽ നിന്നും ചെലവാക്കുന്നതിന് അനുമതി നൽകിയും, അതോടൊപ്പം തനത് ഫണ്ട് ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം 2 - ലെ പരിപത്രത്തിലെ നിബന്ധനകൾക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ വ്യവസ്ഥകൾക്കും വിധേയമായി ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

14

File No.DMB2/60/2019-DMD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി -ഇൻ ചാർജ്ജ്

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
ജലവിഭവ വകുപ്പ്/ തദ്ദേശസ്വയം ഭരണ വകുപ്പ്/ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂ ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

വെബ് & ന്യൂമീഡിയ (ഐ&പി.ആർ.ഡി) വകുപ്പ്

ദുരന്തനിവാരണ (എ) വകുപ്പ്

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം. OA 2988

തീയതി പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

10.04.19

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാനം നേരിടുന്ന താപനിലയിലെ വർദ്ധനവ്, സൂര്യാഘാതം, ശുദ്ധജല ദൗർലഭ്യം, പകർച്ച വ്യാധികൾ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങി ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ മുതലായവ പ്രതിരോധിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (ബി) വകുപ്പ്

**സ.ഉ.(കൈ) നം.11/2019/DMD** തീയതി, തിരുവനന്തപുരം 28/03/2019

പരാമർശം: 1 09.03.2019 ലെ സ.ഉ(കൈ) നം.9/2019/ഡിഎംഡി നമ്പർ സർക്കാർ ഉത്തരവ്.

2 27.3.2019 ലെ മന്ത്രിസഭായോഗതീരുമാനം

<u>ഉത്തരവ്</u>

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയെ സംസ്ഥാനത്തെ അംഗീകൃത ദുരന്തങ്ങളായി പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തുടനീളമുണ്ടായ താപനിലയിലെ വർദ്ധനയും സൂര്യാഘാതവും ശുദ്ധജല ദൌർലഭ്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 192 ആളുകൾക്ക് സൂര്യതാപം മൂലമുള്ള പൊള്ളലേറ്റതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങി വിളനാശവും മനുഷ്യജീവന് ആപത്തുമുണ്ടാക്കുന്ന സ്ഥിതിയും ഉളവായിട്ടുണ്ട്.പകർച്ചവ്യാധികളും നേരിടേണ്ടതുണ്ട്. പ്രസ്തുത സ്ഥിതിഗതികൾ പ്രതിരോധിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) താപനിലയിൽ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്ന പകൽ 11 മണി മുതൽ 3 മണി വരെയുള്ള സമയത്ത് അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവർ, പ്രത്യേകിച്ചും പാടത്ത് കൃഷി ചെയ്യുന്നവർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, പ്രാദേശിക ചന്തകളിൽ ഉൾപ്പെടെയുള്ള പാതയോര കച്ചവടക്കാർ എന്നീ വിഭാഗം ജനങ്ങളും ട്രാഫിക് പോലീസുകാർ തുടങ്ങി സൂര്യപ്രകാശം നിരന്തരമായി നേരിട്ട് അനുഭവിക്കേണ്ടിവരുന്ന തൊഴിൽ മേഖലകളും കണ്ടെത്തി അടിയന്തരമായി ഇടപെടാനുതകുന്ന ഒരു നിരീക്ഷണ സംവിധാനം ജില്ലാ തലത്തിൽ ഉടനടി പ്രാവർത്തികമാക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

2) ശുദ്ധജലദൗർലഭ്യം സംബന്ധിച്ചും പൈപ്പ് പൊട്ടി ശുദ്ധജലം നഷ്ടമാകുന്നതിനെപ്പറ്റിയും കടിവെള്ളത്തിൽ മലിനജലവും ഉപ്പുവെള്ളവും കലരുന്നതിനെപ്പറ്റിയും ലഭിക്കുന്ന പരാതികളും വാർത്തകളും ഉടനടി

ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹാര മാർഗ്ഗങ്ങൾക്കുമായി ജില്ലാ കളക്ട്രേറ്റുകളിൽ ഒരു കൺട്രോൾ റൂം തുറന്നു പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

3) ജില്ലകളിലെ കൺട്രോൾ റൂമുകളുടെ മേൽനോട്ടത്തിനും ഏകോപനത്തിനുമായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരടങ്ങുന്ന ഉന്നതതല സമിതി ദൈനംദിന വിലയിരുത്തലുകൾക്കും മേൽനടപടികൾക്കുമായി രൂപീകരിച്ച് ചുമതലപ്പെടുത്തുന്നു.

4) ജലസ്രോതസ്സുകളിലുണ്ടാകുന്ന ജലദൗർലഭ്യം കാരണം നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ മനുഷ്യർക്കും വിളകൾക്കും ഉണ്ടാക്കുന്ന ആപത്തും നാശനഷ്ടങ്ങളും ഇല്ലാതാക്കുവാനുള്ള നടപടികൾക്കായി വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും വനംവകുപ്പ് മേധാവിയേയും ചുമതലപ്പെടുത്തുന്നു.

5) വെസ്റ്റ് നെയിൽ, കരങ്ങുപനി, മറ്റുള്ള പകർച്ചവ്യാധികൾ എന്നിവയുടെ വ്യാപനം തടയാനും മുൻകരുതലെടുക്കാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പ്രത്യേക നിർദ്ദേശം നല്കാനും രോഗനിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി ദിവസേന മേൽനോട്ടത്തിനായി ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർമാർ അടിയന്തര തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ് .

(By order of the Governor)

വേണു.വി
പ്രിന്സിപ്പല് സെക്രട്ടറി

To:

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, തിരുവനന്തപുരം,

ജലവിഭവവകുപ്പ് / ആരോഗ്യകുടുംബക്ഷേമവകുപ്പ് / ധനകാര്യ വകുപ്പ് / തൊഴിലും നൈപുണ്യവും വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് / ആഭ്യന്തര വിജിലൻസ് വകുപ്പ് / വനം-വന്യജീവി വകുപ്പ്

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് അഡീഷണൽ ചീഫ്

File No.DMB2/44/2019-DMD

സെക്രട്ടറിയുടെ പിഎയ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
റവന്യൂ ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്
ദുരന്ത നിവാരണ (എ) വകുപ്പിന്/ റവന്യൂ (DRF) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Forwarded /By order

Section Officer